**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് തടസം സൃഷ്ടിക്കുന്നത് പ്രധാനമായും യൂട്ടിലിറ്റി ഏജൻസികളുടെ പ്രവർത്തനങ്ങളോ, വനംവകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ അവരുടെ അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസമോ ആണ്.<br><br>ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് റോഡുകൾ കുഴിക്കുന്നതും പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ചുള്ള പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ GO(Ms) No. 11/2023/PWD dated 14.02.2023, 49/2023/PWD dated 14.09.2023 പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റു വകുപ്പുകളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും Right of way (RoW) എന്ന Online സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ Online ആയി ലഭ്യമാകുന്ന അപേക്ഷകളും നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ റോഡ് വെട്ടിപ്പൊളിക്കുന്നതും Restoration നടത്തുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെടുകയും അടിയന്തിര തുടർനടപടികൾ സ്വീകരിക്കുവാനും കഴിയും. |

| | | | |
|---|---|---|---|
| | | | മറ്റ് ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് GO(Rt) No. 20/2022/PWD dated 07.01.2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ / ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല Infrastructure Co-Ordination committee, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തി വരുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ടവ അതാത് വകുപ്പുകളുടെ അദ്ധ്യക്ഷൻമാരുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളുന്നു.<br><br>**കെട്ടിട വിഭാഗം**<br><br>പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം നടപ്പാക്കുന്നതിനുവേണ്ടി മാസംതോറും നടത്തി വരുന്ന വകുപ്പ് തല റിവ്യൂ മീറ്റിംഗുകൾ വിവിധ വിഭാഗങ്ങളുടെ (Architectural execution Wing, Architectural Drawing Wing, Investigation Wing) സംയുക്തമായ മീറ്റിംഗുകൾ എന്നിവയ്ക്ക് പുറമെ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് CMT, DICC യോഗങ്ങൾ എന്നിവ കാര്യക്ഷമമാക്കുകയും, വിവിധ വകുപ്പുകൾക്കിടയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ആയത് അനുസരിച്ച് പ്രവൃത്തികളുടെ പുരോഗതി ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |
| (ബി) | പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഉന്നത ഗുണനിലവാരത്തിലും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) | **നിരത്തുകൾ**<br><br>പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണവും പരിപാലനവും, PWD Manual, SBD Condition, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വൽ 2015 ജൂലൈ മുതൽ അവലംബിച്ചു വരുന്നു. ടി മാന്വലിൽ നിഷ്കർഷിക്കുന്ന |

പ്രകാരമാണ് പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധന നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോഘട്ടത്തിലും ഗുണനിലവാരം ഉറപ്പു വരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 2 tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാര പരിശോധനാഫലം പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്.

ഗുണനിലവാര പരിശോധനയിൽ പോരായ്മ കണ്ടെത്തുന്ന പക്ഷം ആയതിന് ആനുപാതികമായി തുക കരാറുകാരന്റെ ബില്ലിൽ നിന്ന് കുറവു ചെയ്തു സർക്കാരിലേയ്ക്ക് ഈടാക്കുന്നു. കൂടാതെ കൂടുതലായി

കേടുപാടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ഇനം കരാറുകാരന്റെ ചെലവിൽ ഒന്നുകൂടി ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട് .

ഇതോടൊപ്പം പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി പരിശോധന നടത്താൻ കഴിയുന്ന മൂന്ന് മൊബൈൽ ടെസ്റ്റിംഗ് യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്.

**കെട്ടിട വിഭാഗം**

പൊതുമരാമത്ത് വകുപ്പ് നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനു CPWD യുടെ സ്പെസിഫിക്കേഷനുകളും, മറ്റ് IS കോഡുകളും നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി മാത്രമാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കെട്ടിടങ്ങളുടെയും, മറ്റ് നിർമ്മിതിയുടെയും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനു മുന്നോടിയായി Detailed Soil investigation നടത്താറുണ്ട്. ആയതനുസരിച്ച് PWD Design Wing നിലവിലുള്ള IS Code മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിതികളുടെ Structural Design തയ്യാറാക്കുന്നത്. പ്രവർത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനു ഒന്നാംതലം, രണ്ടാംതലം എന്നിങ്ങനെയുള്ള ക്വാളിറ്റി കൺട്രോൾ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ പ്രവർത്തിയ്ക്കാവശ്യമായ സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനു വിവിധങ്ങളായ ആധുനിക ടെസ്റ്റിംഗ് രീതികൾ അവലംബിക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനു പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കരാർ വ്യവസ്ഥയിൽ തന്നെ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തി, പ്രവൃത്തികളുടെ പുരോഗതി അതത് സമയങ്ങളിൽ വിലയിരുത്തി വീഴ്ചയുണ്ടെങ്കിൽ ആയതിനു ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കൃത്യവും, കാര്യക്ഷമവുമായി നടപ്പിലാക്കി വരുന്നു.

**ദേശീയ പാത**

ദേശീയപാത വിഭാഗത്തിൽ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനിയർമാരെ നിയമിക്കാറുണ്ട്.

| | | | |
|---|---|---|---|
| | | | റോഡ് നിർമ്മാണത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ വേണ്ടി പ്രവൃത്തികളിൽ ന്യൂനത പരിഹാര സാധ്യത കാലയളവ് (DLP) കൂടി ഉൾപ്പെടുത്തിയാണ് കരാർ വെയ്ക്കുന്നത്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരൻറെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോട് കൂടി പുന:നിർമ്മിക്കുവാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളെ ഉൾപ്പടെ പരിഗണിച്ച് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾ അനുകൂല കാലാവസ്ഥയിൽ തന്നെ പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവൃത്തി ക്രമീകരണം നടത്താനായി മിഷൻ മീറ്റിംഗിൽ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും, അത്തരത്തിൽ നടപ്പിലാക്കി വരുന്നുമുണ്ട്. കൂടാതെ കാലാവസ്ഥയേയും വർഷ പാതത്തേയും പരിഗണിച്ചാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾക്ക് സമയം നിശ്ചയിച്ച് അനുമതി നൽകുന്നത്.<br><br>പൊതുമരാമത്ത് പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കണ്ട്രോൾ മാന്വൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പാലിച്ചുകൊണ്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ആയതിനാൽ ഗുണനിലവാരത്തിൽ ഇടിവ് സംഭവിക്കുന്നില്ല. പ്രവചനാതീതമായ അതിതീവ്രമായ മഴ മൂലം പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകുമ്പോൾ പൊതുമരാമത്ത് വകുപ്പ് മാന്വൽ നിഷ്കർഷിക്കുന്ന പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നുണ്ട്. |
| (ഡി) | കാലാവസ്ഥയേയും വർഷപാതത്തേയും പരിഗണിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി ടെണ്ടർ നടപടികൾ നടത്തുന്നതുമൂലം നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസവും ഗുണനിലവാരത്തിൽ ഇടിവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ? | (ഡി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾ അനുകൂല കാലാവസ്ഥയിൽ തന്നെ പൂർത്തിയാക്കത്തക്ക രീതിയിൽ പ്രവൃത്തി ക്രമീകരണം നടത്താനായി മിഷൻ മീറ്റിംഗിൽ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും, അത്തരത്തിൽ നടപ്പിലാക്കി വരുന്നുമുണ്ട്. കൂടാതെ കാലാവസ്ഥയേയും വർഷ പാതത്തേയും പരിഗണിച്ചാണ് നിലവിൽ നിർമ്മാണ പ്രവൃത്തികൾക്ക് സമയം നിശ്ചയിച്ച് അനുമതി നൽകുന്നത്.<br><br>പൊതുമരാമത്ത് പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കണ്ട്രോൾ മാന്വൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പാലിച്ചുകൊണ്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ആയതിനാൽ ഗുണനിലവാരത്തിൽ ഇടിവ് |

| | | | |
|---|---|---|---|
| | | | സംഭവിക്കുന്നില്ല. പ്രവചനാതീതമായ അതിതീവ്രമായ മഴ മൂലം പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകുമ്പോൾ പൊതുമരാമത്ത് വകുപ്പ് മാന്വൽ നിഷ്കർഷിക്കുന്ന പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ